## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3022** **19.06.2018 ൽ മറുപടിയ്ക്ക്**

## വൈഗ അന്താരാഷ്ട്ര ശില്പശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.എൻ. വിജയൻ പിള്ള | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കാർഷിക രംഗത്ത് ഉല്പാദനം, മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം തുടങ്ങിയ എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വൈഗ എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിനകം ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്; | ബി) | 2016 ഡിസംബറിൽ തിരുവനന്തപുരം ജില്ലയിലും 2017 ഡിസംബറിൽ തൃശ്ശൂർ ജില്ലയിലുമാണ് 'വൈഗ' സംഘടിപ്പിച്ചിട്ടുള്ളത്. |
| സി) | ശില്പശാലയിൽ ചർച്ച ചെയ്യപ്പെട്ട പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | സി) | വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ അന്തർദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതിക വിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകൾ ആയും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായും രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് |

ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിങ്ങ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദേശീയ ശില്പശാലയിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ.

| | |
|---|---|
| ഡി) ശില്പശാലയുടെ ഭാഗമായി പ്രധാന വിഷയങ്ങളെ ആസ്പദമാക്കി മിഷനുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ഡി) ഉണ്ട്. കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുകയെന്ന ആശയം 2017- ലെ വൈഗ ശില്പശാലയിൽ ഉരുത്തിരിഞ്ഞ് വന്നതാണ്. കോക്കനട്ട് മിഷൻ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. |

Mayap

**സെക്ഷൻ ഓഫീസർ**